"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിൽ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിൽ ലൈഫ് മിഷൻ പ്രകാരം വീട് നിർമ്മിക്കാൻ നൽകിയ ഭൂമി വീട് നിർമ്മിക്കാൻ അനുയോജ്യമല്ലാത്തതിനാൽ പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് പകരം വേറേ ഭൂമി വാങ്ങി വീട്ടു നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2406/2023/LSGD തീയതി,തിരുവനന്തപുരം, 04-12-2023

---

പരാമർശം:-

1. പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ന്റെ 30/04/2022 ലെ എ7/3928/21 നമ്പർ കത്ത്
2. പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 30/08/2022 ലെ ഡി1/ജനറൽ/2022 നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 26/10/2023 ലെ യോഗ തീരുമാനം

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയിലെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളായ

i. ശ്രീമതി സീനത്ത്, പാറമേൽ ഹൗസ്,

ii. ശ്രീമതി. ഷാഹിന പി.ടി, വലിയതൊടി ഷാപ്പിൽ കുന്ന്,

iii. ശ്രീമതി. നീലി വി.സി. വായംകുളം ഹൗസ്,

iv. ശ്രീമതി.സജിന പി. പുത്തൻപീടിക,

എന്നിവർക്ക് 2019 - 20 ൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം നൽകുകയും, ഇവർ പുൽപ്പറ്റ വില്ലേജിൽ ബ്ലോക്ക് 60-ൽ റീസർവ്വേ 248/1/1-ൽ ഉൾപ്പെട്ട 3 സെന്റ് ഭൂമി വീതം വാങ്ങുകയും ചെയ്തു. ക്രമനമ്പർ 1, 2 എന്നിവർക്ക് 1,40,000 രൂപ വീതവും ക്രമനമ്പർ 3, 4 എന്നിവർക്ക് യഥാക്രമം 2.00 ലക്ഷം രൂപ, 3.00 ലക്ഷം രൂപ വീതം വീട് നിർമ്മാണത്തിന് ധനസഹായം നൽകുകയും ചെയ്തിരുന്നു. വീടുകൾ നിർമ്മിച്ചിരിക്കുന്നത് യന്ത്രസംവിധാനം ഉപയോഗിച്ച് ചരിഞ്ഞ ഭൂമിയെ മൂന്ന് തട്ടുകളായി തിരിച്ച് ഓരോ തട്ടിലും

ആവശ്യമായ സംരക്ഷണ ഭിത്തി നിർമ്മിക്കാതെയാണെന്നതിനാൽ ഏറ്റവും താഴെ തട്ടിലുള്ള വീടിന്റെ സിറ്റൗട്ടിനോട് ചേർന്ന് മഴക്കാലത്ത് ഭൂമിക്ക് പൊട്ടൽ സംഭവിക്കുകയും തുടർന്ന് വീട്ടുകളിലേക്കുള്ള ചെങ്കുത്തായ വഴി തടസ്സപ്പെട്ടുകയും വീട് നിർമ്മാണങ്ങൾ നിലക്കുകയും ചെയ്തു. തട്ടുകളായ ഭൂമിയായതിനാൽ ഈ വീടുകൾ നിർമ്മാണത്തിന് അനുയോജ്യമല്ലെന്നും ടി ഗുണഭോക്താക്കൾക്ക് മറ്റൊരുസ്ഥലത്ത് പുതുതായി ഭൂമിയും വീടും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും പരാമർശം (1) പ്രകാരം പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

26/10/2023 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗം ഈ വിഷയം പരിശോധിച്ചു. ലൈഫ് ഭവന പദ്ധതി പ്രകാരം പുൽപ്പറ്റ വില്ലേജിൽ ബ്ലോക്ക് 60-ൽ റീസർവ്വേ 248/1/1-ൽ ഉൾപ്പെട്ട 3 സെന്റ് ഭൂമി വീതം ഗുണഭോക്താക്കൾക്ക് നൽകിയത് വീട്ടു നിർമ്മാണത്തിന് അനുയോജ്യമല്ലാത്തതിനാൽ, ശ്രീമതി സീനത്ത്, പാറമേൽ ഹൗസ് ശ്രീമതി. ഷാഹിന പി.ടി, വലിയതൊടി ഷാപ്പിൽ കുന്ന്, ശ്രീമതി. നീലി വി.സി. വായംകുളം ഹൗസ്, ശ്രീമതി.സജിന പി. പുത്തൻപീടിക എന്നിവരുടെ സ്ഥലം പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് വേറെ സ്ഥലം കണ്ടെത്തി ഭൂമി വാങ്ങി വീട്ടു നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സെക്രട്ടറി, പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്, മലപ്പുറം

ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക്( പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ.ഉ.(സാധാ) നം.2406/2023/LSGD

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba S C

Date: 06-12-2023 12:23:41

സെക്ഷൻ ഓഫീസർ